കണ്ണൂർ-തലശ്ശേരി സൈനബ ബായിയുടെയും മൈസൂർ നിവാസിയായിരുന്ന മുഹമ്മദ് സുലൈമാൻ സേട്ടിന്റെയും മകനായി 1922-ൽ മൈസൂറിൽ ജനിച്ച ഇബ്രാഹിം സുലൈമാൻ സേട്ട് വിദ്യാഭ്യാസാനന്തരം മൈസൂറിൽ ഇംഗ്ലീഷ് ലക്ചററായി സേവനം അനുഷ്ഠിച്ചു. സേട്ട് വൈകാതെ ഉദ്യോഗം ഉപേക്ഷിച്ച് സജീവ രാഷ്ട്രീയരംഗത്തെത്തി. 1948-ൽ മുസ്ലീംലീഗ് മൈസൂർ സിറ്റി ജനറൽ സെക്രട്ടറിയായ സേട്ടിന് എന്നും രാഷ്ട്രീയ തട്ടകം കേരളമായിരുന്നു. 1960-ൽ രാജ്യസഭാംഗമായി. ദീർഘകാലം മുസ്ലീംലീഗ് അഖിലേന്ത്യാ പ്രസിഡന്റായി പ്രവർത്തിച്ചു. 1967-ൽ കോഴിക്കോടുനിന്നും ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട സേട്ട് തുടർന്ന് മഞ്ചേരി, പൊന്നാനി എന്നീ മണ്ഡലങ്ങളിൽ നിന്ന് ഏഴ് തവണ ലോകസഭാംഗമായി. ഓരോ തവണയും ഭൂരിപക്ഷത്തിലുണ്ടായ ക്രമാതീതമായ വർദ്ധന അദ്ദേഹത്തിന്റെ ജനസമ്മതിയുടെ സാക്ഷ്യപത്രമാണ്. മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട പാർലമെന്ററി പ്രവർത്തനത്തിനിടയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ രാജീവ് ഗാന്ധി വരെ മാറിമാറി വന്ന പ്രധാനമന്ത്രിമാരുമായി ഇടപഴകാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി പാർലമെന്റിൽ നിരന്തരം ശബ്ദമുയർത്തിയ അദ്ദേഹം മികച്ച പാർലമെന്റേറിയനെന്ന ഖ്യാതി നേടി. ലാളിത്യമായിരുന്നു സേട്ടിന്റെ മുഖമുദ്ര. ആൾ ഇന്ത്യാ മുസ്ലീം പേഴ്സണൽ ലാ ബോർഡ് അംഗം, കേരള വഖഫ് ബോർഡ് ചെയർമാൻ, ബാബറി മസ്ജിദ് കോ-ഓർഡിനേഷൻ കമ്മിറ്റി അംഗം കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം, സെൻട്രൽ ഹജ്ജ് അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം ഒട്ടേറെ മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റികളുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ആജീവനാന്തം ആദർശനിഷ്ഠ കൈമുതലാക്കിയിരുന്ന സേട്ട് ന്യൂനപക്ഷാവകാശങ്ങളുടെ കാര്യത്തിൽ ഒരിക്കലും ഒത്തുതീർപ്പിന് തയ്യാറായിരുന്നില്ല. കർമ്മനിരതവും സംഭവബഹുലവുമായ രാഷ്ട്രീയജീവിതത്തിനുടമയായിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ നിര്യാണത്തോടെ ദേശീയ രാഷ്ട്രീയത്തിൽ തിളങ്ങിനിന്ന മുതിർന്ന നേതാക്കളുടെ നിരയിൽനിന്ന് ഒരംഗത്തെക്കൂടിയാണ് നമുക്ക് നഷ്ടമായിമിക്കുന്നത്. അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

III. അറിയിപ്പ്

ശ്രീ. വി. സി. കബീർ നിയമസഭാംഗത്വം രാജിവച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഒറ്റപ്പാലം നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. വി.സി. കബീർ 2005 ആഗസ്റ്റ് മാസം 11-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ച

LIBRARY ARCHIVES Kerala Legislative Assembly

വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച പട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

IV. അടിയന്തിരപ്രമേയം

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗുണനിലവാരം കുറഞ്ഞ പലവ്യഞ്ജനങ്ങൾ വാങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഹൈക്കോടതിവിധി മറികടന്ന് സാമ്പിളുകൾ സ്വീകരിക്കാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗുണനിലവാരം കുറഞ്ഞ പലവ്യഞ്ജനങ്ങൾ വാങ്ങിക്കൂട്ടി വൻ ക്രമക്കേട് നടത്തുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്കെതിരെ കോർട്ട് അലക്ഷ്യത്തിന് വിധി പ്രഖ്യാപിച്ചുകൊണ്ട് തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. കെ. ദേവകുമാർ, കെ.പി. രാജേന്ദ്രൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, പി. സി. ജോർജ്ജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. വളരെ സാങ്കേതികമായി പറഞ്ഞാൽ ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യമാണ്. ഒരു Interim petition-ൽ കോർട്ട് അലക്ഷ്യം വന്നുവെന്നു പറഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ഫുൾ ബഞ്ചിന് മാറ്റി. ഏതായാലും പ്രധാനപ്പെട്ട ഒരു കാര്യമെന്ന നിലയ്ക്ക് ഇത് പരാമർശിക്കരുതെന്ന വിലക്ക് കൽപ്പിക്കാൻ ചെയർ തയ്യാറാകുന്നില്ല. പക്ഷേ, പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് subjudice ആയിട്ടുള്ള ഒരു മാറ്ററിന്റെ ഗുണദോഷങ്ങളിലേക്ക് എത്താത്തവിധത്തിൽ വളരെ സംയമനം പാലിച്ച് മിതമായി കാര്യങ്ങൾ അവതരിപ്പിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):* സർ, സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പതിനാലിനം പലവ്യഞ്ജനങ്ങൾ വാങ്ങുന്ന കാര്യത്തിൽ ഇപ്പോൾ ഏറെ സുതാര്യതയോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ സുതാര്യതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നുള്ളതുകൊണ്ടുതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും ഇന്ന് മാർക്കറ്റിലുള്ളതിനെക്കാൾ വിലകുറച്ച് സാധനങ്ങൾ വാങ്ങാൻ കഴിയും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ മുന്നിലുള്ള ചില പരാമർശങ്ങളാണ് ഇന്ന് പത്രത്തിൽ വന്നത്. ഹൈക്കോടതിയിൽനിന്നുണ്ടായ പരാമർശത്തോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഏതാനും ചില കോൺട്രാക്ടർമാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് തീരുമാനങ്ങളും ജഡ്ജ്മെന്റുകളും നേരത്തെ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly